നമ്പർ.എ.ഡി(2) 3005/2013

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ. പി.ഒ. പി.ബി.നം.5432
തിരുവനന്തപുരം, തീയതി: 16/06/2013

**സർക്കുലർ നമ്പർ. 8/2013**

വിഷയം:- സഹകരണ വകുപ്പ് – ആഡിറ്റ് -സസ്പെൻസ് അസറ്റ്, സസ്പെൻസ് ലയബിലിറ്റി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നത്-സംബന്ധിച്ച്

സൂചന:- ഉത്തരവം

കേരള സഹകരണ ചട്ടം 29 പ്രകാരം സഹകരണ സംഘങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സഹകരണ സംഘങ്ങൾ പലതും സസ്പെൻസ് അസറ്റ്, സസ്പെൻസ് ലയബിലിറ്റി രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ആഡിറ്റിന് ലിസ്റ്റുകൾ കൃത്യമായി തയ്യാറാക്കി നൽകുകയോ ചെയ്യുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല ചില സംഘങ്ങളിൽ ടി ഇനങ്ങളിൽ മൈനസ് ബാലൻസുകൾ രേഖപ്പെടുത്തുന്നതായും കാണുന്നുണ്ട്. സസ്പെൻസ് അസറ്റ്, സസ്പെൻസ് ലയബിലിറ്റി സംബന്ധിച്ച് ആഡിറ്റിന് വ്യക്തമായ വിവരം ലഭിക്കുന്നതിന് എല്ലാ സഹകരണ സംഘങ്ങളും ഇതു സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ആഡിറ്റർക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നൽകേണ്ടതുമാണെന്ന് നിർദ്ദേശം നൽകുന്നു. ജോയിന്റ് ഡയറക്ടർമാരും, അസിസ്റ്റന്റ് ഡയറക്ടർമാരും ഈ നിർദ്ദേശം എല്ലാ ആഡിറ്റർമാരുടെയും ശ്രദ്ധയിൽകൊണ്ടുവരേണ്ടതും, സംഘങ്ങൾ ടി നിർദ്ദേശം പാലിക്കുന്നു +എന്നുറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
വി. സനൽകുമാർ. ഐ.എ.എസ്
സഹകരണ ആഡിറ്റ് ഡയറക്ടർ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

(1) എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(2) എല്ലാ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(3) സഹകരണ സംഘം രജിസ്ട്രാർ, ഉപരിപത്രം
(4) സഹകരണ ആഡിറ്റ് ഡയറക്ടറുടെ മേശപ്പുറത്ത്.
(5) സ്റ്റോക്ക് ഫയൽ (6) സ്പെയർ